പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

04.04.2018- ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 6755

## കൂടപ്പുഴ 52 കോളനിയിലെ വീട്ടുകാർക്ക് പട്ടയം

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ചാലക്കുടി നഗരസഭയിലെ ഗാന്ധിനഗർ, കൂടപ്പുഴ '52 കോളനി' യിലെ 19 വീട്ടുകാർക്ക് ഇനിയും പട്ടയം നൽകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(ബി) ഇനിയും പട്ടയം ലഭിയ്ക്കാത്ത 19 വീട്ടുകാർക്കുകൂടി പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | എ)<br>&<br>ബി) | ഉണ്ട്. ട്രാംവെ പുറമ്പോക്കിൽ താമസിച്ചിരുന്ന പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് ചാലക്കുടി മുൻസിപ്പാലിറ്റി കൂടപ്പുഴയിൽ സ്ഥലം വാങ്ങുകയും പുനരധിവസിപ്പിക്കപ്പെട്ട വ്യക്തികൾക്ക് ചാലക്കുടി മുൻസിപ്പാലിറ്റി നേരിട്ട് ആധാരം ചെയ്ത് നൽകുകയും ചെയ്തിട്ടുള്ളതാണ്. ഭൂരിപക്ഷം കോളനി നിവാസികൾക്ക് ആധാരം ലഭിച്ചെങ്കിലും, സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭിക്കാത്തതിനാൽ 19 കൈവശക്കാർക്ക് ആധാരം ചെയ്ത് നൽകാൻ സാധിച്ചിട്ടില്ല എന്നും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചു വരുന്നതായും ചാലക്കുടി മുൻസിപ്പൽ അധികൃതർ അറിയിച്ചിട്ടുള്ളതാണ്. |

Indu.S.S

സെക്ഷൻ ഓഫീസർ